അപേക്ഷയ്ക്ക് 35,000 രൂപ സ.ഉ.(സാധാ) നമ്പർ 2977/15/റവന്യൂ തീയതി 10-6-2015 പ്രകാരവും (ക്രമ നം. 4- മേരി മാത്യൂ) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം II, III ആയി ചേർത്തിട്ടുണ്ട്. *

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം

76 (2895) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിന് അപേക്ഷ നല്കിയ ശ്രീമതി മണി, കളത്തിൽ, മണപ്പള്ളിവടക്ക്, മണപ്പള്ളി പി.ഒ, തഴവ, പവുമ്പ വില്ലേജ് കരുനാഗപ്പള്ളി, കൊല്ലം എന്ന വ്യക്തിക്ക് നാളിതുവരെ ധനസഹായം ലഭ്യമാക്കിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വ്യക്തി എം.എൽ.എ. മുഖാന്തരം അപേക്ഷ നൽകിയിട്ട് ഒരു വർഷമായിട്ടും ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നൽകാത്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) അടിയന്തരമായി ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ഈ വ്യക്തിയുടെ കുടുംബത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) 26-6-2015-ലെ സ.ഉ.(സാധാ) നമ്പർ 3358/15/റവ പ്രകാരം ശ്രീമതി മണി, കളത്തിൽ, മണപ്പള്ളിവടക്ക്, മണപ്പള്ളി പി.ഒ., തഴവ, പവുമ്പ, കരുനാഗപ്പള്ളി, കൊല്ലം എന്നയാൾക്ക് മകന്റെ ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 50,000 (അമ്പതിനായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച ചികിത്സാ സഹായം

77 (2896) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴ ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ നിന്നും എം.എൽ.എ മാർ മുഖേന ലഭിച്ച ചികിത്സാസഹായ അപേക്ഷകൾ എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; പ്രസ്തുത അപേക്ഷകളിന്മേൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly